കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് – പുതുതായി അനുവദിച്ച കേന്ദ്രീയ വിദ്യാലയത്തിനായി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ താത്ക്കാലിക കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ). 1681/13/തസ്വഭവ തീയതി, തിരുവനന്തപുരം, 26.06.2013

==========================================================================

പരാമർശം: 1. നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.04.2012 തീയതിയിലെ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 14.05.2013 ലെ 22162/ജെ.ആർ.വൈ.2/2012/സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

നീലേശ്വരത്ത് പുതുതായി അനുവദിക്കുന്ന കേന്ദ്രീയവിദ്യാലയത്തിന് കെട്ടിടമുണ്ടാക്കുന്നതുവരെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ താത്ക്കാലിക കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1) മുഖേന നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയത്തിൽ താത്ക്കാലിക അനുമതി നൽകാവുന്നതാണെന്ന് പരാമർശം(2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതുതായി അനുവദിക്കുന്ന നീലേശ്വരം കേന്ദ്രീയവിദ്യാലയത്തിന് കെട്ടിടമുണ്ടാകുന്നതുവരെ താത്ക്കാലികമായി പ്രവർത്തിക്കുന്നതിനായി നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ താത്ക്കാലിക കെട്ടിടം (ഷെഡ്) നിർമ്മിക്കുന്നതിന് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.പി.ചന്ദ്രപ്രകാശ്,
അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, നീലേശ്വരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ